"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജനകീയ ഹോട്ടലുകൾകൾക്ക് കുടിശ്ശികയുള്ള സബ്സിഡി അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം "2515-00-102-29(PV)" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 220 കോടി രൂപയിൽ നിന്നും 33.6 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2260/2023/LSGD തീയതി,തിരുവനന്തപുരം, 17-11-2023

പരാമർശം:-

1. 03/07/2018 തീയതിയിലെ സ.ഉ.(അ) നം.100/2018/ധന
2. 09/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1008/2023/തസ്വഭവ
3. 20/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1067/2023/തസ്വഭവ
4. 25/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1104/2023/തസ്വഭവ
5. 22/07/2023 തീയതിയിലെ സ.ഉ.(സാധാ) നം.1497/2023/തസ്വഭവ
6. 10/08/2023 തീയതിയിലെ സ.ഉ.(സാധാ) നം.1632/2023/തസ്വഭവ
7. 26/08/2023 തീയതിയിലെ സ.ഉ.(സാധാ) നം.1752/2023/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/09/2023 തീയതിയിലെ 1/98808/2023 നം കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2515-00-102-29(PV) എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 220 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി പരാമർശം (2,3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ ആദ്യ രണ്ടു ഗഡുക്കൾ പരാമർശം (4,5) ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. പരാമർശം (6,7) ഉത്തരവുകൾ പ്രകാരം ജനകീയ ഹോട്ടലുകളുടെ ഉച്ചഭക്ഷണത്തിനു നല്കിയിരുന്ന സർക്കാർ സബ്സിഡി 2023 ആഗസ്റ്റ് 12 മുതൽ പ്രാബല്യത്തിൽ പിൻവലിച്ചിട്ടുണ്ട്.

2. നടപ്പ് സാമ്പത്തിക വർഷത്തിൽ ജനകീയ ഹോട്ടൽ സബ്സിഡിക്കായി അനുവദിച്ച 26.75 കോടി രൂപ വിനിയാഗിച്ചതായും , ജനകീയ ഹോട്ടലുകൾക്ക് ഉച്ചഭക്ഷണത്തിന് സബ്സിഡി കുടിശ്ശികയിനത്തിൽ 41.09 കോടി രൂപ പദ്ധതി വിഹിതത്തിനുപരിയായി അടിയന്തരമായി അനുവദിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി കുടുംബശ്രീയുടെ 2515-00-102-29(PV) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 220 കോടി രൂപയിൽ നിന്നും 33.6 കോടി രൂപ (മുപ്പത്തിമൂന്ന് കോടി അറുപത് ലക്ഷം രൂപ മാത്രം) നിലവിലെ ജനകീയ ഹോട്ടലുകളുടെ സബ്സിഡി കുടിശ്ശിക ജില്ലാതലത്തിൽ ആനുപാതികമായി വിതരണം ചെയ്യുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

4. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ളനടപടി സ്വീകരിക്കേണ്ടതാണ്.

5. ഇതുവരെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡിയായി നല്കിയ തുക ജില്ലാടിസ്ഥാനത്തിൽ അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കൃത്യമായ കണക്കുകളും വിശദാംശങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കുടുംബശ്രീ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ , തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&.ആർ.എസ്. എ./ജി&.എസ്. എസ്.എ ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഡബ്ല്യു.സി.ഡി.-3/207/2023-ഫിൻ ഇ (2565126 പ്രകാരം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/129/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 17-11-2023 10:02:56

സെക്ഷൻ ഓഫീസർ